(സി) കോസ്മോപൊളിറ്റൻ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് അനുവദിക്കുന്ന തുകയിൽ ക്രമക്കേട് നടന്നതായി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ, എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിൽ ക്രമക്കേട് കാട്ടിയതിന്റെ പേരിൽ ആർക്കും എതിരെ നടപടി സ്വീകരിച്ചിട്ടില്ല. ഇതിൻമേൽ വിജിലൻസ് കേസുകൾ നിലവിലില്ല.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കോസ്മോപൊളിറ്റൻ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നില്ല. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ ഇപ്പോൾ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നാണ് അറിയപ്പെടുന്നത്. ഈ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് അനുവദിക്കുന്ന തുകയിൽ ക്രമക്കേട് നടന്നിട്ടുള്ളതായി പരിശോധനയിൽ തെളിഞ്ഞിട്ടില്ല.

ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾ

120 (4728) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച സർക്കാർ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മിഷന്റെ ഘടന എന്താണ് ; എത്ര അംഗങ്ങളാണ് മിഷനിൽ ഉള്ളത് ;

(സി) ആരെല്ലാമാണ് മിഷന്റെ അംഗങ്ങൾ ;

(ഡി) ഇവരുടെ അംഗത്വകാലാവധി നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്രയാണ് ;

(എഫ്) മിഷനിൽ നിലവിൽ എത്ര അംഗങ്ങളുണ്ട് ;

(ജി) രൂപീകരണശേഷം ആരെങ്കിലും ഈ മിഷനിൽ നിന്നും ഒഴിവായി പോയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ആരെല്ലാമാണ് ;

(ഐ) ഒഴിവായതിന്റെ കാരണം വ്യക്തമാക്കുമോ ;

(ജെ) നിലവിലുള്ള അംഗങ്ങളെ വച്ച് ആദിവാസി ഭൂമി വിതരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(കെ) മിഷനിൽ എത്ര ജീവനക്കാരാണ് രൂപീകരണ സമയത്ത് ഉണ്ടായിരുന്നത് ;

(എൽ) ഇവർ സർക്കാർ സർവ്വീസിൽ ഉള്ളവരാണോ ;

(എം) സർവ്വീസിൽ ഇല്ലാത്തവർ ആരെങ്കിലും ജീവനക്കാരായി ഉണ്ടോ ;

(എൻ) എങ്കിൽ എത്ര പേരാണ് ; നിലവിൽ എത്ര ജീവനക്കാരുണ്ട് ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഒ) അംഗങ്ങളുടെയും ജീവനക്കാരുടെയും കുറവുകൊണ്ട് ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാവുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(പി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിഷന്റെ പ്രവർത്തനം മെച്ചപ്പെട്ട നിലയിലാണെന്നാണ് സർക്കാർ വിലയിരുത്തുന്നത്.

(ബി) മിഷൻ ചീഫ് അദ്ധ്യക്ഷനും 5 അംഗങ്ങളും ചേർന്നതാണ് മിഷന്റെ ഘടന.

(സി) 1. മെമ്പർ (വനം)

2. മെമ്പർ (ലാന്റ് അഡ്മിനിസ്ട്രേഷൻ)

3. മെമ്പർ (ധനകാര്യം)

4. മെമ്പർ (കൃഷി)

5. മെമ്പർ (നിയമം) കൂടാതെ ഭൂമി പതിവ് തുടങ്ങിയ കാര്യങ്ങൾ, ആദിവാസി വികസനം, ആദിവാസി വനിതാവികസനം, നിക്ഷിപ്ത വനം എന്നീ മേഖലകളിൽ ഓരോ വിദഗ്ദ്ധരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) മിഷൻ ചീഫും 4 അംഗങ്ങളും സെക്രട്ടറിയും ഉണ്ട്.

(ജി) ചില അംഗങ്ങളും വിദഗ്ദ്ധരും സ്ഥലം മാറിപ്പോവുകയും പകരം ആളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(എച്ച്) മിഷൻ ചീഫ്.

1. ശ്രീ. പി. കെ. ശിവാനന്ദൻ

2. ശ്രീ. ഇ. കെ. ഭരത് ഭൂഷൺ

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യം

1. ശ്രീ. കെ. അബ്ദുൾ മജീദ്
2. ശ്രീ. കെ. വി. തോമസ്
3. ശ്രീ. കെ. വിനയചന്ദ്രൻ

കൃഷി മെമ്പർ

ഡോ. കെ. സുരേന്ദ്രൻ

സെക്രട്ടറി

1. ശ്രീ. കെ. മുകുന്ദൻ
2. ശ്രീ. ജെയിംസ് വർഗ്ഗീസ് (മെമ്പർ സെക്രട്ടറി)
3. ശ്രീമതി എഡ്വിനാ ലോപ്പസ്
4. ശ്രീ. സച്ചിദാനന്ദൻ

വിദഗ്ധൻ (പട്ടികവർഗ്ഗ വികസനം)

1. ശ്രീ. പി. കെ. ശിവൻപിള്ള

വിദഗ്ധൻ (കൃഷി)

ശ്രീ. സുബ്രഹ്മണ്യം

വിദഗ്ധൻ (വനം)

ശ്രീ. കെ. ബാലചന്ദ്രൻ

കംപ്യൂട്ടർ പ്രോഗ്രാമർ

ശ്രീ. സാം അൽഫോൻസ്

(ഐ) സർക്കാർ സർവ്വീസിൽ സാധാരണ ഉണ്ടാകുന്ന സ്ഥലം മാറ്റം കാരണം.

(ജെ) ഉണ്ട്.

(കെ) ചീഫ് - 1
അംഗങ്ങൾ - 5
വിദഗ്ധർ - 4

(എൽ) അതെ.

(എം) ഉണ്ട്.

(എൻ) കംപ്യൂട്ടർ ഓപ്പറേറ്റർ, ഡ്രൈവർ, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ, എന്നിവർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

(ഒ) ഇല്ല.

(പി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly